യാത്രയിലെ രസഗുള

സതീഷ് തോട്ടശ്ശേരി

യാത്രയിലെ രസഗുള
സതീഷ് തോട്ടശ്ശേരി
(മലയാളം: ചെറുകഥ)

© 2022, Satheesh Thottassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Travellers in a Mountain Landscape, a painting by George Arnald (1763–1841). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

യാത്രയിലെ രസഗുള

പടിപ്പെര വീട്ടിൽ കുഞ്ഞി ലക്ഷ്മിയമ്മയും പരിവാരങ്ങളും സമ്മർ വെക്കേഷൻ അടിച്ച പൊളിക്കാൻ നഗരത്തിൽ നിന്നും നാട്ടിലെത്തി. ഉത്സവകാലമായതിനാൽ പ്രത്യേകം സജ്ജമാക്കിയ സർവ്വാണി പുരയിലെ മൂന്ന നേരം മൃഷ്ടാന്ന ഭോജനം, നാല്ല മണിക്കുള്ള ചായ, പലഹാരം മിതശീതോഷ്ണ മുറിയിലെ അന്തിയുറക്കം, ബന്ധുജന വെടിവട്ടം, ഇത്യാദികൾക്ക് ഒന്നിനും മുട്ടില്ലായിരുന്ന.



> “നാട്യപ്രധാനം നഗരം ദരിദ്രം
> നാട്ടിൻപുറം നന്മകളാൽ സമൃദ്ധം”

എന്ന് “ക്ഷ” ബോധ്യപ്പെട്ടു. ഇതെഴുതിവെച്ച കാലയവനികയ്ക്കുള്ളിൽ മറഞ്ഞ കുറ്റിപ്പുറത്ത് കേശവൻ നായരെ കുറിച്ച് അറിഞ്ഞവർ വിരളം. ഞങ്ങൾ ബെടക്കുസ് തോട്ടശ്ശേരിക്കാർക്കു മൂന്ന കേശവന്മാരെ മാത്രമേ അറിയുകയുള്ളൂ. ഒന്ന് എന്റെ ശിഷ്യൻ ചേറൂരെ വീട്ടിൽ കേശവൻ. രണ്ടാമത് ചെരിഞ്ഞ ഗുരുവായൂർ കേശവൻ. ലാസ്റ്റിലിമ്മടെ അമ്മമ്മടെ നായരു് കേശവൻ നായരു്. എന്തായാലും പിന്നീട് കുറ്റിപ്പുറത്തെ കൂടുതൽ അറിഞ്ഞപ്പോൾ കെട്ടിപ്പിടിച്ചൊരു മുത്തം കൊടുക്കുവാൻ തോന്നി. എനി ഹൌ, കു. ല. അമ്മയ്ക്ക് മൂന്ന നാല്ല ദിവസത്തെ നില്പും നടപ്പും കാരണം മുട്ടുകാലിന് താഴെ ചെറിയ നീരുണ്ടായി എന്നതൊഴിച്ചാൽ ഔർ സബ് ടീക് ഹെ.

ഒരാഴ്ച നാക്കിനു റെസ്റ്റ് കൊടുക്കാതെ കൂട്ടം കൂടുവാനുള്ള വിഭവങ്ങൾ സ്റ്റോക്കിലായപ്പോൾ തിരിച്ച നഗരത്തിലേക്കുള്ള യാത്രയ്ക്ക് കോപ്പുകൂട്ടി. ശുദ്ധാശുദ്ധിയിൽ കടുകിട കോംപ്രമൈസില്ലാത്തതിനാൽ ദിവസം രണ്ടു ജോഡി വസ്ത്രങ്ങൾ ആളൊന്നുക്ക് കണക്കുവെച്ച ചക്രങ്ങൾ പിടിപ്പിച്ച നാല്ല വലിയ പെട്ടികളും അകമ്പടിക്ക് മൂന്ന വൻ ചരക്കുകൊള്ളി സഞ്ചികളും (ബിഗ് ഷോപ്പേർ) കയറ്റി ടാസ്കി, വണ്ടി കയറാനായി തീവണ്ടിയാപ്പീസിലെത്തി.

അവിടെ മൊബൈൽ മന്നൻ സെൽഫി ഗോബാലേട്ടനും കെട്ടിയോൾ പൊട്ടിച്ചിരിച്ചേച്ചിയും ഹാജർ ഉണ്ടായിരുന്നു. ചേച്ചി ഡ്രസ്സ് ചേഞ്ച് ചെയ്താൽ ഉടൻ ഒരു സെൽഫി എടുത്ത് പോസ്റ്റിയില്ലെങ്കിൽ ഗോബാലേട്ടന് എന്തോ ഒരു ഇതാണത്രേ.

അപ്പോഴേക്കും മുണ്ടിന്റെ കുത്ത് വയറിനു മേലെ കേറ്റിക്കുത്തി കൊച്ചു മണിയേട്ടനും കെട്ടിയോളും പൂരം കഴിഞ്ഞു മടങ്ങുന്ന മദ്ദളം കൊട്ടുകാരെപ്പോലെ രണ്ടു വണ്ടൻ ചക്കയും പാക്ക് ചെയ്ത് എത്തിപ്പെട്ടു. കംപാർട്മെന്റ് എവിടെ വരുമെന്ന് അറിയിക്കുന്ന ഉച്ചഭാഷിണി കമാന്ന മിണ്ടാത്ത കാരണം അടുത്ത കണ്ട റൂമിൽ ഇടിച്ചുകയറി അന്വേഷിച്ചു. നീചൻ ലാപ്ടോപ്പിൽ എന്തോ തിരഞ്ഞു. ഒന്നും കാണാതെ ദൂരവാണി കയ്യിലെടുത്ത് രണ്ടുമൂന്നു കുത്തുകുത്തി. അമ്മ വീട്ടിൽ കുട്ടിപ്പൊങ്ങൻ അളവിൽ കവിഞ്ഞു ചക്കപ്പഴം തിന്ന് വയറുവേദനിച്ചു തൊള്ള തുറക്കുമ്പോൾ കുട്ടിക്ക് കൊതി പെട്ടതാണെന്നും പറഞ്ഞു ഭസ്മം തലയിലിട്ട് ഊതുമ്പോൾ അമ്മമ്മ കുശുകുശുക്കുന്നപോലെ ദൂരവാണിയുടെ വയ്ക്കുഷണത്തിലേക്ക് എന്തോ മർമർ ചെയ്തു. പിന്നെ കൊതി കൺഫേം ചെയ്യാൻ “പുഹാ...യ്” എന്ന് അമ്മമ്മ കോട്ടുവായ ഇടുമ്പോലെ ഒന്ന് വായപൊളിച്ച ക്ലിക്കിയ ശേഷം സ്ഥലം വെളിപ്പെടുത്തി. അവിടെ തീവണ്ടിപ്പുരക്ക് മേൽക്കൂര ഇല്ലായിരുന്നു. ഇതിനിടക്ക് വണ്ടിയും ഒപ്പം അയിലൂർ വേലക്ക് രാത്രി പൊട്ടിക്കുന്ന ആലുഴി അമിട്ടുപോലെ പാർർർർ... ന്നു പറഞ്ഞു തകർപ്പൻ മഴയും തുടങ്ങി. മഴനനഞ്ഞു കുളിച്ച്, ഞങ്ങളുടെ ലഗേജുകളും താങ്ങി ഓടി വണ്ടിയിൽ കയറ്റി ഗോബാലേട്ടനും സംഘവും വെള്ളത്തിൽ വീണ ചാത്തൻ കോഴിയെപ്പോലെ അവരുടെ മദിരാശി വണ്ടിക്കു നേരെ പാഞ്ഞു. എ. സി. കംപാർട്മെന്റിൽ മഴയും നനഞ്ഞു കയറിയ ഞങ്ങൾ ടോയ്‌ലെറ്റിൽ കയറി കുപ്പായമെല്ലാം മാറി. കുഞ്ഞു ലക്ഷ്മി അമ്മ തണുത്ത വിറച്ച മുഷ്ടി ചുരുട്ടി റെയ്ൽവേയ്ക്കും മഴക്കും മൂർദ്ദാബാദ് വിളിക്കാനും, അതിശൈത്യം കൊണ്ട് ഒറ്റയ്ക്ക് വസ്ത്രം മാറാൻ പറ്റാത്ത അത്രയ്ക്ക് അവശയായി വെളിച്ചപ്പാട് തുള്ളാനും പല്ല കൊണ്ട് ചെണ്ട കൊട്ടാനും തുടങ്ങി. അപ്പോൾ സഹയാത്രികയായ തുളുനാടൻ പ്രൗഢ പ്രതിസന്ധിക്കു പരിഹാരം കണ്ടു. വിരിക്കാൻ വെച്ചിട്ടുള്ള വെള്ള വിരി എടുത്ത് കഥകളിക്കു തിരശീല പിടിക്കുന്നതുപോലെ മറ പിടിച്ചാൽ രണ്ടു പേരു് ചേർന്ന് വസ്ത്രം മാറാൻ സഹായിക്കാമെന്ന് പറഞ്ഞു. “നോ ആർമി ക്യാൻ സ്റ്റോപ് ആൻ ഐഡിയ ഹൂസ് ടൈം ഹാസ് കം” എന്ന് വിക്ടർ ഹ്യൂഗോ തമാശയ്ക്ക് പറഞ്ഞതല്ല എന്ന് അപ്പോളാണ് പിടി കിട്ടിയത്.

അങ്ങനെ രണ്ടുപേർ തിരശ്ശീല കൊണ്ടു മറപിടിച്ച സ്ത്രീ ജനങ്ങൾ അമ്മയുടെ തുണി മാറ്റിക്കൊണ്ടിരിക്കെ അതുവഴി കടന്നുപോയ ഒരു സഹൃദയൻ അകത്ത് ഡോക്ടറുണ്ടല്ലോ എന്ന് തിരക്കി. വേറൊരാൾ ചൂടുവെള്ളം വേണോ എന്നും ചോദിച്ചു. മൂന്നാമതൊരു മനുഷ്യസ്നേഹി അപ്പാപ്പൻ, നവാഗത ശിശുവിന്റെ ആദ്യരോദനം കേൾക്കാൻ ചെവി കൂർപ്പിക്കാൻ പേനാക്കത്തിയെടുത്തു. കേന്ദ്ര കഥാപാത്രം പരുക്കുകളൊന്നും ഇല്ലാതെ മറനീക്കി പുറത്തുവന്നപ്പോൾ ഏതാണ്ട് അഞ്ചു മിനിട്ടോളം ജനത്തെ മുൾമുനയിൽ നിർത്തിയ സംഭവം അങ്ങനെ ശുഭപര്യവസാനിയായി കലാശിച്ചു.

അന്തരീക്ഷം ശാന്തമായപ്പോൾ സുഖവിവരം തിരക്കാൻ ഗോബാലേട്ടനെ വിളിച്ചു. അങ്ങേ തലക്കൽ പൊട്ടിച്ചിരിച്ചേച്ചി. ഗോബാലേട്ടൻ എവിടെ എന്ന് ചോദിച്ചപ്പോൾ ഫാനിന്റെ ചോട്ടിൽ ഉണക്കാൻ ഇട്ടിരിക്കുകയാണെന്നു പറഞ്ഞു തുടങ്ങിയ ചിരിക്ക് ബ്രേക്ക് ഫെയിലിയർ മണത്തപ്പോൾ സംഭാഷണം മുറിച്ചു.

സംഭവം കേട്ട ശേഷം ഡ്രൈവർ ശശി “ഓരോ യാത്രയും അനുഭവങ്ങളുടെ മുതൽക്കൂട്ടാണെന്ന്” വളരെ ദാർശനികമായി പറഞ്ഞപ്പോൾ അതിൽ കുറച്ചു സത്യത്തിന്റെ മധുരമുണ്ടെന്നു തോന്നി.

□

സതീഷ് തോട്ടശ്ശേരി

സ്വദേശം: പാലക്കാട്ട് ജില്ലയിലെ നെമ്മാറക്കടുത്തുള്ള അയിലൂർ.

പാലക്കാട്ട് തൃശ്ശൂർ ജില്ലകളിൽ വിദ്യാഭ്യാസം. വിദ്യാർത്ഥി യുവജന രാഷ്ട്രീയത്തിലും ഗ്രന്ഥശാലാ പ്രവർത്തനങ്ങളിലും സജീവമായിരുന്നു.

ഹെവലറ്റ് പക്കാർഡിൽ നിന്നും (H. P.) അഡ്മിൻ. മാനേജരായി വിരമിച്ചു. ബംഗലൂരു ഡെക്കാൻ കൾച്ചറൽ സൊസൈറ്റിയുടെ പ്രസിഡന്റ്. കേരളസമാജം ബംഗലൂരു സൗത്ത് വെസ്റ്റിന്റെ സ്ഥാപക സെക്രട്ടറി, മുൻ പ്രസിഡന്റ്. കേരള സർക്കാർ സാംസ്കാരിക വകുപ്പിനു കീഴിലുള്ള മലയാളം മിഷൻ കർണാടക ചാപ്റ്റർ അക്കാദമിക് കൗൺസിൽ ചെയർമാൻ. പുരോഗമന കലാസാഹിത്യ സംഘം (പു. ക. സ.) കർണാടക ഘടകം ജോയിന്റ് സെക്രട്ടറി.

നാടക രംഗത്തു സജീവമായിരുന്നു. മത്സര നാടകങ്ങളിലും അമേച്വർ നാടകങ്ങളിലും അഭിനയിക്കുകയും സവിധാനം നിർവ്വഹിക്കുകയുമുണ്ടായി. സാമൂഹ്യ മാധ്യമങ്ങളിലും, ആനുകാലിക പ്രസിദ്ധീകരണങ്ങളിലും കഥയും, കവിതയും, ലേഖനങ്ങളും എഴുതിക്കൊണ്ടിരിക്കുന്നു. മലയാളം മിഷൻ പ്രസിദ്ധീകരണം "പൂക്കാല"ത്തിൽ രണ്ടു വർഷമായി ബാലസാഹിത്യ കഥകളും കവിതകളും എഴുതിക്കൊണ്ടിരിക്കുന്നു.

യുണൈറ്റഡ് റൈറ്റേർസ് ബാംഗ്ലൂർ ചെറുകഥാ പുരസ്കാരം, കൊച്ചിൻ സാഹിത്യ അക്കാദമികവിത പുരസ്കാരം എന്നീ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

പ്രഥമ പുസ്തകം "അനുഭവ നർമ്മ നക്ഷത്രങ്ങൾ".

ഭാര്യ: പ്രമീള
മകൻ: പ്രശാന്ത്

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.